അനുമതി നൽകി, പഞ്ചായത്തിൽ നിന്നുള്ള 15% തുക മുൻകൂർ അടയ്ക്കാൻ വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഈ തുക മുൻകൂർ അടക്കാൻ വേണ്ട നടപടിയെടുത്തുവരുന്നു. ഗ്രാമവികസന ബോർഡ് ഒറ്റപ്പാലം ബസ്സ്റ്റാൻറിന്റെ പണിക്ക് ടെൻഡർ വിളിച്ചുകഴിഞ്ഞു. സത്യസ്ഥിതി ഇപ്രകാരം ഇരിക്കുന്നതിനാൽ ഒറ്റപ്പാലം ബസ്-സ്റ്റാൻറിന്റെ പണി 1984-ൽ തുടങ്ങിയത് ഇപ്പോഴും നിൽക്കുന്നുയെന്നു പറയുന്നത് ശരിയല്ല.

ശ്രീ. വി. സി. കബീർ : സർ, 1986 അവസാനിക്കുന്നതിനു മുൻപ് ബസ്സ്റ്റാൻറിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ ശ്രമിക്കുമോ ?

പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി (ശ്രീ. സി. എം. സുന്ദരം) : സർ, ഗവൺമെൻറിന്റെ ഭാഗത്തു നിന്ന് എത്രയും വേഗം പണിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുള്ള എല്ലാ നടപടിയും ഉണ്ടാകുന്നതാണ്.

(2) കോഴിക്കോട് റെയിൽവേ കോളനി റോഡ് തുറന്നു കിട്ടേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. എം. അബൂബക്കർ : സർ, കോഴിക്കോട് പ്രദേശത്ത് ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ഒരു പ്രദേശമാണ് വലിയങ്ങാടിക്ക് തെക്കു ഭാഗവും കല്ലായ്പുഴക്ക് വടക്കുഭാഗവും അറബിക്കടലിനു കിഴക്കുഭാഗവും റെയിൽവേ പാലത്തിനു പടിഞ്ഞാറുഭാഗവുമായി സ്ഥിതി ചെയ്യുന്ന കുറിച്ചിറ, പള്ളിക്കണ്ടി, ഇടിയങ്ങര, മുഖത്തല തുടങ്ങിയ പ്രദേശങ്ങളും നഗരവുമായി ബന്ധപ്പെടുത്തുന്ന പ്രധാനപ്പെട്ട ഒരു റോഡാണ് ഫ്രാൻസിസ് റോഡ്. അതുപോലെ ഫ്രാൻസിസ് റോഡിൽ ഒരു റെയിൽവേ ലെവൽ ക്രോസ്സുണ്ട്. ആ റെയിൽവേ ലെവൽ ക്രോസ് തുറന്നിടുന്നതിനേക്കാളും അധികം സമയവും അടച്ചിടുകയാണ്. ആ കാരണംകൊണ്ടുതന്നെ സാധാരണ ആട്ടോറിക്ഷകളും വിളിച്ചാൽപോലും ഫ്രാൻസിസ് റോഡ് ലെവൽ ക്രോസ്സുള്ള ഭാഗത്തേക്ക് പോകാൻ തയ്യാറില്ല. ഈ സമീപ കാലത്ത് ഫ്രാൻസിസ് റോഡിൽ ലെവൽ ക്രോസ്സിനു പകരം അടിയിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുവേണ്ടി ജോലിയാരംഭിച്ചു. അതിനു ഉപമുഖ്യമന്ത്രിക്ക് നന്ദിയുണ്ട്. ഓവർബ്രിഡ്ജ് നിർമ്മാണ ജോലി ആരംഭിച്ചതോടുകൂടി ഫ്രാൻസിസ് റോഡിലുള്ള വാഹനഗതാഗതം പൂർണ്ണമായി തടയപ്പെട്ടു നഗരത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക്, കല്ലായിലേക്കോ, അല്ലെങ്കിൽ വലിങ്ങാടിയിലേക്കോ പോകാൻ വളരെ ചെറിയ കുടുസ്സായ, വീതി കുറഞ്ഞ ഒരൊറ്റ റോഡ് മാത്രമാണ് ഇപ്പോഴും നിലവിലുള്ളത്. ആ റോഡിൽ തന്നെ പലപ്പോഴും ലോറികളും കാറുകളും ഇരുചക്രവാഹനങ്ങളും, എല്ലാം മണിക്കൂറുകളോളം കാത്തുകിടക്കുന്ന ഒരു പരിതഃസ്ഥിതി എപ്പോഴും കാണാൻ സാധിക്കും. ഈ ഫ്രാൻസിസ് റോഡും വലിയങ്ങാടിയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് എളുപ്പമായൊരു വഴിയുണ്ട്. കോഴിക്കോട് റെയിൽവേ സ്റ്റേഷൻ പരിസരത്ത് റെയിൽവേ കോളനിയുടെ ഒരു റോഡ് വന്ന് റെയിൽവേ കോളനിയുടെ അറ്റത്ത് വഴിമുട്ടിനിൽക്കുന്നു. ആ സ്ഥാനത്ത് ഏതാനും ഇരുമ്പഴികളും മാത്രമുണ്ട്. ഫ്രാൻസിസ് റോഡിനോട് ബന്ധപ്പെട്ടുകൊണ്ട് മനന്തല തോടിനു സമാന്തരമായി കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ഒരു റോഡ്, റെയിൽവേ കോളനിയുടെ ഭാഗത്തു വന്ന് വഴി മുട്ടി നിൽക്കുന്നു. വഴിമുട്ടി നിൽക്കുന്ന റോഡുകളുടെ അകലം എത്രയുണ്ടെന്നറിയാമോ ? അങ്ങ് ഇരിക്കുന്ന സ്ഥലവും ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കുന്ന സ്ഥലവും തമ്മിലുള്ള ദൂരം മാത്രമേയുള്ളൂ. ഈ റോഡ് പരസ്പരം ബന്ധിപ്പിച്ചുകഴിഞ്ഞാൽ മനത്തല തോടിന് സമാന്തരമായുള്ള ആ റോഡിലൂടെ വലിയങ്ങാടിയിലേക്കുള്ള വാഹനഗതാഗതത്തിന്റെ എളുപ്പം കൂടും. ഇന്ന് ഫ്രാൻസിസ് റോഡിലുള്ള വാഹന ഗതാഗതം തടയപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ഈ റോഡ് വാഹന ഗതാഗതത്തിനു വേണ്ടി തുറന്നു കൊടുക്കേണ്ടത് ആളുകളെ സംബന്ധിച്ചിടത്തോളം വളരെ ആവശ്യമാണ്. അത് മാർഗ്ഗത്തിന് തടസ്സമായി നിൽക്കുന്ന റെയിൽവേ കോളനിക്ക് ആവശ്യമാണ്. റെയിൽവേക്കോളനിയിൽ താമസിക്കുന്ന ആളുകളുടെ പ്രൈവസി തടയപ്പെടുമെന്നുള്ള വാദമാണ് അവരുടെ ഭാഗത്തുനിന്ന് കേൾക്കുന്നത്. റെയിൽവേ കോളനിയിൽ ഏതാനും കുടുംബങ്ങൾ മാത്രമേ താമസിക്കുന്നുള്ളൂ. പക്ഷേ ഇതിന്റെ പ്രയോജനം കിട്ടാൻ മറുഭാഗത്ത് 10,000 കണക്കിനാളുകൾ താമസിക്കുന്നുണ്ട്. റെയിൽവേക്കോളനിയിലുള്ള ആളുകളുടെ പ്രൈവസി തടസ്സപ്പെടുത്താണമെന്നുള്ള അഭിപ്രായമെനിക്കില്ല. ഇക്കാര്യത്തെ സംബന്ധിച്ച് മുൻപ് പലതവണ ഉത്തരവാദപ്പെട്ട ഉന്നതതലങ്ങളിൽ ചർച്ച നടത്തി. ശ്രീ. സി. എച്ച്. മുഹമ്മദുകോയ പാർലമെൻറംഗമായിരുന്ന കാലത്തിൽ അന്ന് കേന്ദ്രത്തിൽ റെയിൽവേയുടെ ചുമതല വഹിച്ചിരുന്ന ജാഫർഷെരീഫുമായും, മുഹമ്മദ് ഷാജി ഖുറേഷ്യിയുമായും എല്ലാം ഇക്കാര്യങ്ങൾ സംസാരിച്ചിരുന്നു. റെയിൽവേമന്ത്രിയും റെയിൽവേ ഉദ്യോഗസ്ഥൻമാരും ഈ സ്ഥലം വന്ന് സന്ദർശിച്ചിരുന്നു. പക്ഷെ റെയിൽവേ കോളനിയിൽ താമസിക്കുന്ന ആളുകളുടെ താൽപ്പര്യം പരിരക്ഷിക്കുന്ന പേരിൽ ഈ കാര്യം ഇതുവരെ നടപ്പാക്കിയിട്ടില്ല. അടുത്ത കാലത്ത് 2, 3 സംഭവങ്ങൾ അവിടെയുണ്ടായി. കോഴിക്കോട് കോർപ്പറേഷൻ മേയറും, ജില്ലാകളക്ടറും, കോർപ്പറേഷൻ അധികൃതരും, റെയിൽവേയുടെ ഉന്നത ഉദ്യോഗസ്ഥൻമാരും സ്ഥലം സന്ദർശിച്ചു. റെയിൽവേ കോളനിയിൽ താമസിക്കുന്ന ആളുകളുടെ വീടിനുള്ള പരിരക്ഷണം, അല്ലെങ്കിൽ അവരുടെ കുടുംബാംഗങ്ങളുടെ പരിരക്ഷണം നിലനിർത്തിക്കൊണ്ട് ആ വീടുകൾക്കു മുന്നിൽ ഇരുഭാഗത്തും മതിൽക്കെട്ടിക്കൊടുക്കുന്നതിനുവേണ്ടിയുള്ള ചെലവ് കോർപ്പറേഷൻ വഹിക്കാമെന്നും, ആ വിധത്തിലെങ്കിലും ഇതിനൊരുപരിഹാരം ഉണ്ടാകണമെന്നുള്ള നിർദ്ദേശം വച്ചു, അതും പ്രായോഗികമായില്ല. ഏറ്റവുമൊടുവിൽ ആളുകൾക്ക് നടന്നുപോകുന്നതിനുവേണ്ടിയുള്ള സൗകര്യമുണ്ടാക്കുന്നതിനുവേണ്ടി ഈ ഫ്രാൻസിസ് റോഡും റെയിൽവേക്കോളനിയും തമ്മിൽ മാർഗ്ഗതടസമായി നിൽക്കുന്ന ആ ഇരുമ്പുകമ്പി ഒന്ന് എടുത്തുമാറ്റിക്കൊണ്ട്, അതിന്റെ സ്ഥാനത്ത് ഒരു വിക്കറ്റ് ഗേറ്റ് ഏർപ്പെടുത്തി ആളുകൾക്ക് നടന്നുപോകുന്നതിനുവേണ്ടിയുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നുള്ള ആവശ്യം ഉന്നയിച്ചു, അതിനും അനുകൂലമായ നിലപാട് തരാൻ സാധിച്ചില്ല.

ആ റോഡിലൂടെ വളരെ സ്വാതന്ത്ര്യത്തോടുകൂടി കന്നുകാലികൾക്ക് സഞ്ചരിക്കാം. കന്നുകാലികൾ സഞ്ചരിക്കുന്ന റോഡിലൂടെ മനുഷ്യന് നടക്കാൻ പാടില്ലെന്നു പറഞ്ഞാൽ അത് ഈ കാലഘട്ടത്തിൽ ഏതുവിധത്തിലാണ് അനുവദിച്ചു കൊടുക്കുവാൻ സാധിക്കുക. കോഴിക്കോട് കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം കോർപ്പറേഷന്റെ ജനസംഖ്യയുടെ നാലിൽ ഒരു ഭാഗത്തോളം, ഏകദേശം ഒരു ലക്ഷത്തോളം ആളുകളെ ബാധിക്കുന്ന പ്രശ്നമാണ്. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുവേണ്ടി അടിയന്തിര നടപടികൾ റെയിൽവേയുടെ ഭാഗത്തുനിന്നുണ്ടാകണം. ഞാൻ നേരത്തേ പറഞ്ഞതുപോലെ കോളനിനിവാസികളുടെ സുരക്ഷിതത്വത്തിന് ഉറപ്പുനൽകിക്കൊണ്ട് പതിനായിരത്തോളം വരുന്നയാളുകൾക്ക് പ്രയോജനമുള്ള ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനുവേണ്ടി, നടന്നുകിട്ടുന്നതിനുവേണ്ടി, അതിനു പരിഹാരം കാണുന്നതിനുവേണ്ടി ഗവൺമെൻറ് ഭാഗത്തുനിന്ന് റെയിൽവേയുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ടുകൊണ്ട് ഒരു സമ്മർദ്ദം ചെലുത്തണമെന്ന് ഈയവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇതൊരു ദേശത്തിന്റെ രോദനമാണ്. ഈ ജനകീയസർക്കാർ ഈ ദേശത്തിന്റെ രോദനം കേൾക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, കോഴിക്കോട് ഫ്രാൻസിസ് റോഡിലെ ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് ചെലവു മുഴുവൻ വഹിക്കുന്ന ഓവർ ബ്രിഡ്ജിന്റെ പണി ഏറ്റെടുത്തതുതന്നെ. സ്വാഭാവികമായും ഈ പ്രശ്നത്തിന്റെ ഗൗരവം ഗവൺമെന്റ് കണക്കിലെടുത്തിട്ടുള്ളതിന് തെളിവാണ്. അനേക ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ നിന്നും ഇതിന് ചെലവാക്കുന്നത്. റെയിൽവേ അല്ല ഇതിന് പണം ചെലവാക്കുന്നത്, സംസ്ഥാന ഗവൺമെന്റാണ്. റെയിൽവേ ബോർഡ് ചോദിച്ച തുക മുടക്കി പാലത്തിന്റെ പണി ഏറ്റെടുത്തതുതന്നെ ആ പ്രദേശത്ത് ഇതിന്റെ അത്യാവശ്യം ബോദ്ധ്യമായതുകൊണ്ടാണ്. അങ്ങനെ ഏറ്റെടുത്ത പാലത്തിന്റെ പണി നടക്കുമ്പോൾ സ്വാഭാവികമായും അവിടെയുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് റെയിൽവേയുടെ സ്ഥലമാണെന്നുള്ളതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് ആധികാരികമായി യാതൊന്നും ഇക്കാര്യത്തിൽ ചെയ്യാൻ കഴിയാത്ത സ്ഥിതിയിലാണ്. ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം റെയിൽവേയുമായി ബന്ധപ്പെട്ടിട്ട് ഞാൻ ഈ സംസാരിക്കുന്ന സമയംവരെ ഇതിനാവശ്യമായ മറുപടിപോലും ലഭിച്ചിട്ടില്ലെന്നുള്ളതാണ് വസ്തുത. കിട്ടാവുന്നിടത്തോളം വിവരങ്ങൾ വച്ചുകൊണ്ട്, സർക്കാരിന്റെ ഫയലുകൾ വച്ചുകൊണ്ട് സംസാരിക്കാൻ മാത്രമേ എനിക്ക് കഴിയുകയുള്ളൂ. ഇതിന്റെ വിശദവിവരങ്ങൾ നൽകേണ്ടത് പാലക്കാട് ഡിവിഷനാണ്. പാലക്കാട് ഡിവിഷനുമായി കേരളത്തിലെ ഉദ്യോഗസ്ഥൻമാർ നിരന്തരമായി സമ്പർക്കം പുലർത്തിയിട്ട് ഇന്നും ഇതിന്റെ നിജസ്ഥിതിയെന്താണെന്ന് പറയാൻ കഴിയുന്ന വിവരങ്ങൾ ഇതുവരെ ലഭ്യമായില്ല. ബഹുമാനപ്പെട്ട കോഴിക്കോട് മെമ്പർ പറഞ്ഞ കാര്യങ്ങൾ വളരെ പ്രാധാന്യമുള്ളതാണെന്ന് ഗവൺമെന്റിനറിയാം. റെയിൽവേ കോളനിയിൽക്കൂടിയോ റെയിൽവേ കോമ്പൗണ്ടിൽകൂടിയോ റോഡുകളോ പൊതുവഴികളോ അനുവദിക്കുക എന്നുള്ള നയം റെയിൽവേയിൽ ഇല്ല എന്നാണ് ഇതിനുമുമ്പ് ഇക്കാര്യം സംബന്ധിച്ച് ഗവൺമെന്റിന് പലപ്പോഴും ലഭിച്ചിട്ടുള്ള വിവരം. അതുകൊണ്ട് ഈ റെയിൽവേ കോളനിയിൽക്കൂടി റോഡ് അനുവദിക്കണമെന്ന് ഗവൺമെന്റിനഭ്യർത്ഥിക്കാൻ കഴിയുന്നതല്ല. സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യത്തിൽ ശുപാർശ ചെയ്യാൻ കഴിയുമെന്നുള്ളതല്ലാതെ ആധികാരികമായി ഒരു തീരുമാനമെടുക്കാനോ തീരുമാനമെടുക്കണമെന്ന് ശഠിക്കാനോ കഴിയാത്ത ബുദ്ധിമുട്ട് ഉണ്ട്. അക്കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാം. എങ്കിലും ഇക്കാര്യത്തിൽ തീർച്ചയായും ഇത് ആവശ്യമാണെന്ന് ഗവൺമെന്റിന് ബോദ്ധ്യമുണ്ട്. ഞാൻ ഇക്കാര്യത്തെ സംബന്ധിച്ച് കേന്ദ്രമന്ത്രിയുമായും മദിരാശിയിലെ റെയിൽവേ ജനറൽ മാനേജരുമായും നേരിട്ടുതന്നെ ബന്ധപ്പെട്ടു. ഇക്കാര്യത്തിൽ എന്തൊക്കെ ഗവൺമെന്റിന് ചെയ്യാൻ കഴിയുമോ അതൊക്കെ ചെയ്യും. എന്നുമാത്രമേ ഇപ്പോൾ പറയാൻ കഴിയുകയുള്ളൂ. കാരണം നമ്മുടെ കൈയിലല്ല, നമുക്ക് അധികാരപ്പെട്ടതല്ല. നമുക്കധികാരപ്പെട്ട ഓവർബ്രിഡ്ജ് പണിയിക്കുന്നതിനുവേണ്ടിയുള്ള പണം കൊടുത്താൽ ഓവർബ്രിഡ്ജ് പണിയും. എന്നുള്ളതാണ്. തീർച്ചയായും അതിനുവേണ്ടി ഈ ഗവൺമെന്റ് അത് ചെയ്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർക്കറിയാം. ഫ്രാൻസിസ് റോഡിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് പ്രയോറിറ്റിയൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

ഓവർലുക്ക് ചെയ്ത് ഈ പാലത്തിന്റെ പണിയേറെടുത്തിട്ടുണ്ട്. ഇതിനു വേണ്ടി പണം ഡപ്പോസിറ് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ എന്തൊക്കെ സംസ്ഥാന ഗവൺമെന്റും റെയിൽവേയുമായി ബന്ധപ്പെട്ട് ചെയ്യാൻ കഴിയുമോ അതൊക്കെ ചെയ്യുന്നതിന് പരിശ്രമിക്കാം എന്നു മാത്രമേ പറയാൻ കഴിയുകയുള്ളൂ.

ശ്രീ. പി. എം. അബൂബേക്കർ : ജനങ്ങളുടെ ക്ഷമ ഇനിയും പരീക്ഷിക്കാത്ത വിധത്തിൽ അടിയന്തിര നടപടികൈക്ക് വേഗത കൂട്ടുമോ ?

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : ക്ഷമ എല്ലാവർക്കും നല്ലതാണെന്നു മാത്രമേ അതിനെക്കുറിച്ച് പറയാനുള്ളൂ. സംസ്ഥാന ഗവൺമെന്റിന്റെ കുറ്റം ഇക്കാര്യത്തിൽ ഇല്ല. അത് ബഹുമാനപ്പെട്ട മെമ്പർക്കറിയാം. തീർച്ചയായും ഇതിനുള്ള വ്യക്തമായ ഒരു താൽപ്പര്യംകൂടി എടുക്കും.

III സബ്മിഷൻ

1. പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

ശ്രീ. കെ. പി. എ. മജീദ് : സർ, കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ഉയർച്ചയിലും വളർച്ചയിലും സജീവമായ പങ്ക് വഹിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളിലെ പതിനായിരത്തിലധികം വരുന്ന ജീവനക്കാർ ഇന്ന് ഒരു സമരത്തിന്റെ വക്കിലാണ്. മിതവും ന്യായവുമായ ഏതാനും ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിനും ഗവൺമെന്റിനും മുമ്പിലുള്ള ചില ആവശ്യങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടിയാണ് സഹകരണ പ്രസ്ഥാനത്തിലെ വിവിധ യൂണിയനുകൾ സമരത്തിലേക്ക് ഇറങ്ങിവന്നത്. സഹകരണ പ്രസ്ഥാനത്തെ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി ഒരു കമ്മീറ്റിയെ നിയോഗിച്ചു. പലപ്പോഴായി കമ്മീറ്റികൾ യോഗം ചേർന്നുവെങ്കിലും വ്യക്തമായ ഒരു ധാരണയിലോ തീരുമാനത്തിലോ എത്തിച്ചേരാൻ ഇതുവരെ സാധിച്ചില്ലെന്നുള്ളതാണ് വസ്തുത. സഹകരണ മേഘലയിലെ ജീവനക്കാർക്ക് മാനേജുമെന്റിന്റെ കരുണാകടാക്ഷംകൊണ്ടുമാത്രം ശമ്പളം വാങ്ങാനും ആനുകൂല്യം നേടിയെടുക്കാനും കഴിയുന്ന ഒരു പ്രത്യേക പരിതഃസ്ഥിതിയാണിന്നുള്ളത്. സഹകരണ വകുപ്പിലെ ശമ്പളപരിഷ്കരണ റിപ്പോർട്ടിനെ സംബന്ധിച്ച് അന്തിമമായി തീരുമാനമെടുക്കാനുള്ള ശുപാർശകൾ ഗവൺമെന്റിലിരിക്കുന്നതുകൊണ്ട് അതിനെ സംബന്ധിച്ച് വ്യക്തമായി വേഗത്തിൽ ഒരു തീരുമാനം എടുത്ത് പ്രഖ്യാപിക്കണമെന്ന് സഹകരണ വകുപ്പുമന്ത്രിയോട് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : സർ, പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള സ്കെയിലുകളും മറ്റ് അലവൻസുകളും 24-11-1980-ലെ ജി.ഒ.എം.എസ്. 446/80.എ.ഡി. നമ്പർ പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. ഈ ശമ്പള പരിഷ്കരണത്തിന് 1-4-1979 മുതൽ അഞ്ചു വർഷത്തേക്കായിരുന്നു പ്രാബല്യമുണ്ടായിരുന്നത്. ഇതിന്റെ കാലാവധി തീർന്നത് 31-3-1984-ൽ ആണ്. അതുകൊണ്ട് 1-4-1984 മുതൽ പ്രാബല്യത്തോടുകൂടി ഒരു ശമ്പള പരിഷ്കരണം നടത്തേണ്ടതായിട്ടുണ്ട്. പ്രാഥമിക സഹകരണസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സഹകരണവകുപ്പു സെക്രട്ടറി, ചെയർമാനായി ഒരു കമ്മറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഇതിന്റെ ശുപാർശകളനുസരിച്ച് 14-11-1986-ൽ പുറപ്പെടുവിച്ച ഉത്തരവനുസരിച്ചുള്ള നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly